"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെങ്ങളായി ഗ്രാമപഞ്ചായത്ത് ഫുട്ബാൾ പരിശീലനത്തിന് അധികമായി ചെലവഴിച്ച തുക നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2414/2025/LSGD തീയതി,തിരുവനന്തപുരം, 04-10-2025

---

പരാമർശം:-

1. സ.ഉ(കൈ)നം. 115/2025/തസ്വഭവ തീയതി 28/05/2022.
2. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26/05/2025-ലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 15/09/2025-ലെ യോഗതീരുമാനം നമ്പർ 4.42.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചെങ്ങളായി ഗ്രാമപഞ്ചായത്ത് കായികപരിശീലനത്തിന്റെ ഭാഗമായി 2024-25 വർഷം 14 വയസ്സിൽ താഴെയുള്ള 180 ലധികം കുട്ടികൾക്ക് 3 കേന്ദ്രങ്ങളിലായി ഫുട്ബാൾ പരിശീലനം നല്കി. ആയതിന്റെ ചെലവിനം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| (I) റിഫ്രഷ്മെന്റ് ചാർജ്ജ് | 37,285/- രൂപ |
| (II) സ്പോർട്സ് ഉപകരണങ്ങൾ | 21,965/- രൂപ |
| (III) ട്രെയ്നർ 1 ന്റെ വേതനം | 57,000/- രൂപ (76 ദിവസം X 750 രൂപ) |
| (IV) ട്രെയ്നർ 2 ന്റെ വേതനം | 33,750/- രൂപ (45 ദിവസം X 750 രൂപ) |

പരാമർശം (1) സബ്സിഡി മാർഗ്ഗരേഖ പ്രകാരം കായിക ഗെയിംസ് ഫെസ്റ്റിവെൽ നടത്തുന്നതിനും പരിശീലനത്തിനും ഗ്രാമപഞ്ചായത്തിന് 30,000/- രൂപയാണ് ചെലവഴിക്കാവുന്നത്. മുകളിൽപ്പറഞ്ഞ ചെലവനുസരിച്ച് അധികം ചെലവായ തുക അനുവദിക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരാമർശം (3) പ്രകാരം ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയെക്കാൾ അധിക തുകയുള്ള പ്രവർത്തനം നടത്തിയത് വീഴ്ചയാണെന്ന് യോഗം വിലയിരുത്തുകയും, ഇത്തരം വീഴ്ചകൾ ഇനി ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ അധികം ചെലവായ തുക അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MADHUSOODHANAN V

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ.

സെക്രട്ടറി, ചെങ്ങളായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ, (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (3283796)

ഉത്തരവിൻ പ്രകാരം,

Signed by
Viraj K
Date: 04-10-2025 11:40:49

സെക്ഷൻ ഓഫീസർ